## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3993 — 16.05.2017-ൽ മറുപടിയ്ക്ക്

## പുതിയ മുനിസിപ്പാലിറ്റികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി വീണാ ജോർജ്ജ് | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾ ഏതൊക്കെയാണ്; | (എ) | പുതിയതായി മുനിസിപ്പാലിറ്റികൾ ഒന്നും തന്നെ രൂപീകരിച്ചിട്ടില്ല. |
| (ബി) | പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (ബി) | ഗ്രാമപഞ്ചായത്തുകളെ നഗരസഭകളായി പരിവർത്തനം ചെയ്യുന്നതിന് പ്രധാന മാനദണ്ഡങ്ങളായി സാധാരണ നിലയിൽ പരിഗണിക്കുന്നത് ആ പ്രദേശത്തെ ജനസംഖ്യ, ജനസാന്ദ്രത, വരുമാനം, കാർഷികേതര പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ നിരക്ക് എന്നിവയാണ്. കൂടാതെ 27.11.2014-ലെ സ.ഉ (സാധാ) നം.3113/2014/തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു പ്രദേശത്തെ വികസന സാദ്ധ്യതകൾ, പുതിയ തുറമുഖം, റയിൽവേ, എയർപോർട്ട് എന്നീ പദ്ധതികൾ, ഇൻഡസ്ട്രിയൽ ഏരിയ ഐ.ടി. ഹബ് തുടങ്ങിയവ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ്, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, നിലവിലുള്ളതും ഭാവിയിൽ പ്രതീക്ഷിക്കാവുന്നതുമായ വരുമാന സ്രോതസ്സുകൾ, സാറ്റലൈറ്റ് ടൗണായി വികസിപ്പാക്കാനുള്ള സാദ്ധ്യതയുള്ള പ്രദേശം, ശാസ്ത്രീയമായ വികസന സാദ്ധ്യതകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവകലാശാലകൾ എന്നിവയുടെ സാന്നിദ്ധ്യം, പ്രദേശങ്ങൾ തമ്മിലുള്ള |

| | | | |
|---|---|---|---|
| | | | കണക്കിവിറ്റി, നഗരത്തിൽ നിന്നും നേരിട്ടല്ലാതെ കിടക്കുന്ന പ്രദേശങ്ങൾ, നഗരസഭയാക്കി മാറ്റിയാൽ കേന്ദ്രസർക്കാരിൽ നിന്നും എ.ഡി.ബി പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം കിട്ടുന്നതിനുള്ള സാദ്ധ്യതകൾ, എന്നിവ കൂടി മാനദണ്ഡങ്ങളായി കണക്കാക്കുന്നുണ്ട്. |
| (സി) | നിലവിൽ ഏതെങ്കിലും ജില്ലയിൽ പുതിയ മുനിസിപ്പാലിറ്റിയുടെ രൂപീകരണവുമായി ബന്ധപ്പെട്ടുള്ള ഫയലുകൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ? | | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ